REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 10-01-2025 സമയം 06.45 AM

## പ്രധാന വാർത്തകൾ

- പ്രമുഖ പിന്നണി ഗായകൻ പി. ജയചന്ദ്രൻ അന്തരിച്ചു. വിടവാങ്ങിയത് മലയാളികളുടെ പ്രിയപ്പെട്ട ഭാവ ഗായകൻ. ഇന്ന് പൊതുദർശനം. സംസ്കാരം നാളെ വൈകിട്ട് പറവൂരിൽ.
- അനുശോചിച്ച് ഗവർണറും മുഖ്യമന്ത്രിയും ഉൾപ്പെടെ പ്രമുഖർ.
- ഭുവനേശ്വറിൽ 18-ാമത് പ്രവാസി ഭാരതീയ ദിവസ് സമാപന സമ്മേളനത്തിൽ ഇന്ന് രാഷ്ട്രപതി ദ്രൗപതി മുർമു പങ്കെടുക്കും.
- വികസിത് ഭാരത് യംഗ് ലീഡേഴ്സ് ഡയലോഗ് ഇന്ന് ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ ആരംഭിക്കും.
- കേന്ദ്ര സഹമന്ത്രി ഡോ. എൽ. മുരുകൻ ഇന്ന് കൊല്ലം, തിരുവനന്തപുരം ജില്ലകളിൽ വിവിധ പരിപാടികളിൽ പങ്കെടുക്കും.
- പൊതുമേഖലയിൽ സംസ്ഥാനത്തെ ആദ്യ സംയോജിത പ്ലാസ്റ്റിക് പാഴ് വസ്തു സംസ്കരണ ഫാക്ടറി ഇന്നു തിരുവല്ലയിൽ പ്രവർത്തനം ആരംഭിക്കും.
- എട്ടാമത് ഇന്ത്യൻ വനിതാ ഫുട്ബാൾ ലീഗിന് ഇന്ന് കിക്കോഫ്. രണ്ടാം മത്സരത്തിൽ വൈകിട്ട് കോഴിക്കോട്ട് ഗോകുലം കേരള FC, ഒഡിഷ FC യുമായി മത്സരിക്കും.

## വാർത്തകൾ വിശദമായി

മലയാളികളുടെ പ്രിയപ്പെട്ട ഭാവ ഗായകൻ പി. ജയചന്ദ്രൻ വിടവാങ്ങി. തൃശ്ശൂരിലെ സ്വകാര്യ ആശുപത്രിയിൽ ഇന്നലെ രാത്രി 7.54 നായിരുന്നു 80

കാരനായ അദ്ദേഹത്തിന്റെ അന്ത്യം. അർബുദ ബാധയെ തുടർന്ന് ഒന്നരവർഷമായി ചികിത്സയിലായിരുന്നു. കുറച്ചുനാളത്തെ ചികിത്സയ്ക്കുശേഷം ആശുപത്രിയിൽ നിന്ന് ഡിസ്ചാർജ് ചെയ്തെങ്കിലും വീട്ടിൽ കുഴഞ്ഞു വീണതിനെ തുടർന്ന് രാത്രി വീണ്ടും ആശുപത്രിയിൽ എത്തിക്കുകയായിരുന്നു.

ആറ് പതിറ്റാണ്ട് കാലത്തെ സംഗീത സപര്യക്കിടെ മലയാളത്തിനു പുറമെ , തമിഴ്, കന്നഡ, തെലുങ്ക്, ഹിന്ദി ഭാഷകളിലായി 16,000 ത്തിലധികം ഗാനങ്ങളാണ് ആ ഭാവ സാന്ദ്രശബ്ദം ആസ്വാദകരിലെത്തിച്ചത്. മലയാളത്തിന്റെ ഹൃദയരാഗമായിരുന്നു ജയചന്ദ്രൻ. സിനിമാഗാനങ്ങളും, ലളിത ഗാനങ്ങളും, ഭക്തിഗാനങ്ങളും കൊണ്ട് മലയാളത്തിൽ നിത്യവിസ്മയ നാദം സൃഷ്ടിച്ച ശബ്ദസാഗരമാണ് ഓർമ്മയാകുന്നത്.

ഡെസ്ക്ക് റിപ്പോർട്ട്

.....(വോയ്സ്).......

1944 മാർച്ച് മൂന്നിന് സംഗീതജ്ഞനായ തൃപ്പൂണിത്തുറ രവിവർമ്മ കൊച്ചനിയൻ തമ്പുരാന്റെയും സുഭദ്രക്കുഞ്ഞമ്മയുടെയും മൂന്നാമത്തെ മകനായി പാലിയത്ത് ജയചന്ദ്രക്കുട്ടൻ എന്ന പി ജയചന്ദ്രൻ എറണാകുളം ജില്ലയിലെ രവിപുരത്താണ് ജനിച്ചത്. പിന്നീട് കുടുംബം തൃശ്ശൂരിലെ ഇരിങ്ങാലക്കുടയിലേക്ക് താമസം മാറ്റി. കഥകളി, മൃദംഗം ചെണ്ടവായന, പൂരം,പാഠകം,ചാക്യാർകൂത്ത് എന്നിവയോടെല്ലാം കമ്പമുണ്ടായിരുന്ന ജയചന്ദ്രൻ സ്കൂൾ കലോത്സവങ്ങളിൽ സജീവ സാന്നിധ്യമായിരുന്നു. ലളിതസംഗീതത്തിനും മൃദംഗവാദനത്തിനും നിരവധി സമ്മാനങ്ങൾ നേടി. ഔപചാരികമായി ശാസ്ത്രീയ സംഗീതം പഠിച്ചില്ലെങ്കിലും, ജന്മസിദ്ധി കൊണ്ട് സംഗീതത്തിന്റെ പടവുകൾ ഓരോന്നായി അദ്ദേഹം കീഴടക്കി. കാലാതിവർത്തിയായ ആയിരക്കണക്കിന് മധുര ഗാനങ്ങളാണ് ആ സ്വരമാധുരി പകർന്നു നൽകിയത്.

1958 ലെ സംസ്ഥാന യുവജന മേളയിൽ യേശുദാസ് മികച്ച ക്ലാസിക്കൽ ഗായകന് നൽകുന്ന പുരസ്കാരം നേടിയപ്പോൾ, മികച്ച മൃദംഗവിദ്വാനുള്ള അവാർഡ് ജയചന്ദ്രനായിരുന്നു. പതിഞ്ഞ പാട്ടുകൾ കൊണ്ട് വിസ്മയിപ്പിക്കുമ്പോഴും, പുതിയ തലമുറയുടെ ഇഷ്ട ഗാനങ്ങളോട് തന്റെ അനിഷ്ടം തുറന്നു പറയാൻ ജയചന്ദ്രന് മടിയുണ്ടായിരുന്നില്ല. മലയാളികൾ എന്നും മൂളാനാഗ്രഹിക്കുന്ന ഒരിക്കലും മറക്കാത്ത നിത്യഹരിത ഗാനങ്ങൾ ഓർമ്മയിൽ

സമ്മാനിച്ചാണ് ഭാവഗായകൻ മടങ്ങുന്നത്. ആ ശബ്ദം കേൾവിയിൽ എന്നുമുണ്ടാകും.

✪✪✪

മികച്ച പിന്നണി ഗായകന് നൽകുന്ന ദേശീയ പുരസ്കാരം ഒരു തവണ നേടിയ ജയചന്ദ്രനെ, അഞ്ചു തവണ മികച്ച പിന്നണി ഗായകന് നൽകുന്ന കേരള സംസ്ഥാന പുരസ്കാരവും, നാലു തവണ തമിഴ്നാട് സംസ്ഥാന പുരസ്കാരവും നേടിയിട്ടുണ്ട്. സംസ്ഥാന ഗവൺമെന്റിന്റെ ജെ സി ഡാനിയേൽ പുരസ്കാരവും ലഭിച്ചിട്ടുണ്ട്.

(.........സംഗീതശില്പം.................)

(എവിടെ നിന്നെത്തിയെന്നറിയില്ല)

1965 ൽ കുഞ്ഞാലി മരയ്ക്കാർ എന്ന ചിത്രത്തിനു വേണ്ടിയാണ് ആദ്യം പാടിയതെങ്കിലും, ആദ്യം പുറത്തു വന്നത് കളിത്തോഴൻ എന്ന ചിത്രത്തിനു വേണ്ടി പാടിയ 'മഞ്ഞലയിൽ മുങ്ങിത്തോർത്തി, ധനു മാസ ചന്ദ്രിക വന്നു' എന്നു തുടങ്ങുന്ന ഗാനമാണ്.

(മഞ്ഞലയിൽ മുങ്ങിത്തോർത്തി)

പണിതീരാത്ത വീട് എന്ന ചിത്രത്തിന് വേണ്ടി ആലപിച്ച ഗാനത്തിനായിരുന്നു 1972 ൽ മികച്ച പിന്നണിഗായകന് സംസ്ഥാന അവാർഡ് ആദ്യമായി ലഭിച്ചത്.

(നീലഗിരിയുടെ സഖികളേ....)

നിറം എന്ന ചിത്രത്തിലെ ഗാനം 1998 ൽ മികച്ച ഗായകനുള്ള മൂന്നാമത്തെ സംസ്ഥാന പുരസ്കാരത്തിന് അദ്ദേഹത്തെ അർഹനാക്കി.

(പ്രായം നമ്മിൽ മോഹം നൽകി )

2004 ൽ തിളക്കം എന്ന ചിത്രത്തിലെ ഗാനത്തിനായിരുന്നു അവാർഡ്.

(നീയൊരു പുഴയായ്....)

ശാരദാംബരം, ജിലേബി, ഞാനൊരു മലയാളി തുടങ്ങിയ ഗാനങ്ങൾക്ക് വീണ്ടും സംസ്ഥാന പുരസ്കാരങ്ങൾ ലഭിച്ചു.

(ശാരദാംബരം......)

✪✪✪

പി ജയചന്ദ്രന്റെ നിര്യാണത്തിൽ ഗവർണറും മുഖ്യമന്ത്രിയും ഉൾപ്പെടെ പ്രമുഖർ അനുശോചിച്ചു.

ആറ് പതിറ്റാണ്ടോളം പല തലമുറകൾക്ക് ഒരുപോലെ ആനന്ദമേകിയ അദ്ദേഹത്തിന്റെ ഹൃദ്യമായ സ്വരം ജന മനസ്സുകളിൽ എന്നും സാന്ത്വനമായി തുടരുമെന്ന് ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ പറഞ്ഞു.

കാല ദേശാതിർത്തികൾ ലംഘിക്കുന്ന ഗാന സപര്യക്കാണ് വിരാമമായിരിക്കുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. ചലച്ചിത്ര ഗാനങ്ങളായും ലളിതഗാനങ്ങളായും ഭക്തിഗാനങ്ങളായും ജയചന്ദ്രൻ ആലപിച്ചതെല്ലാം അനുവാചകന്റെ ഹൃദയത്തിലേക്കാണ് വന്ന് പതിച്ചതെന്നും മുഖ്യമന്ത്രി അനുസ്മരിച്ചു.

കാലാതിവർത്തിയായ ആയിരക്കണക്കിന് മധുരഗാനങ്ങളിലൂടെ ഓരോ മലയാളിയുടെയും ഹൃദയത്തിൽ സ്ഥാനം പിടിക്കുവാൻ അദ്ദേഹത്തിന് കഴിഞ്ഞുവെന്ന് മന്ത്രി സജി ചെറിയാൻ അഭിപ്രായപ്പെട്ടു.

മലയാളിക്ക് വീണ്ടും വീണ്ടും കേൾക്കണമെന്ന് തോന്നുന്ന അപൂർവ ശബ്ദങ്ങളിൽ ഒന്നാണ് ജയചന്ദ്രന്റേതെന്ന് പ്രതിപക്ഷ നേതാവ് വി.ഡി.സതീശൻ പറഞ്ഞു.

ലോകമെമ്പാടും മലയാളികളെ തരളിത ഗാനങ്ങളിൽ ആറാടിച്ച അനശ്വര ഗായകനാണ് ജയചന്ദ്രനെന്ന് രമേശ് ചെന്നിത്തല അനുസ്മരിച്ചു.

മലയാളത്തിന്റെ ഭാവഗായകനെയാണ് നഷ്ടമായതെന്ന് ബിജെപി സംസ്ഥാന അദ്ധ്യക്ഷൻ കെ.സുരേന്ദ്രൻ പറഞ്ഞു.

✪✪✪

പി. ജയചന്ദ്രന്റെ ഭൗതികദേഹം നാളെ വൈകിട്ട് മൂന്നരയ്ക്ക് പറവൂർ ചേന്ദമംഗലം പാലിയത്ത് തറവാട് ശ്മശാനത്തിൽ സംസ്കരിക്കും. മൃതദേഹം ഇന്ന് രാവിലെ രാവിലെ എട്ടിന് പൂങ്കുന്നം തറവാട്ടിൽ എത്തിക്കും.

10 മുതൽ 12 വരെ തൃശൂർ സംഗീത നാടക അക്കാദമിയുടെ റീജണൽ തീയറ്ററിൽ പൊതുദർശനത്തിനു വെയ്ക്കും.

✪✪✪

ഭുവനേശ്വറിലെ ജനതാ മൈതാനിയിൽ 18-ാമത് പ്രവാസി ഭാരതീയ ദിവസ് സമാപന സമ്മേളനത്തിൽ ഇന്ന് രാഷ്ട്രപതി ദ്രൗപതി മുർമു പങ്കെടുക്കും. പ്രവാസി ഭാരതീയ പുരസ്കാരങ്ങൾ രാഷ്ട്രപതി ചടങ്ങിൽ സമ്മാനിക്കും.

കേന്ദ്ര ഗവണ്മെന്റും ഒഡീഷ ഗവൺമെന്റും സംയുക്തമായി സംഘടിപ്പിച്ച മൂന്ന് ദിവസത്തെ കൺവൻഷൻ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്നലെ ഔപചാരികമായി ഉദ്ഘാടനം ചെയ്തു.

✪✪✪

വികസിത് ഭാരത് യംഗ് ലീഡേഴ്സ് ഡയലോഗ് ഇന്ന് ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ ആരംഭിക്കും. വികസിത് ഭാരതിന് നൂതനമായ പരിഹാരങ്ങൾ അവതരിപ്പിക്കുന്നതിന് യുവാക്കൾക്ക് സവിശേഷമായ പ്ലാറ്റ്ഫോം ഒരുക്കുക എന്നതാണ് മൂന്ന് ദിവസത്തെ പരിപാടിയുടെ ലക്ഷ്യമെന്ന് യുവജനകാര്യ, കായിക മന്ത്രാലയം അറിയിച്ചു.

കേരളത്തിൽ നിന്ന് 39 ഉൾപ്പെടെ മൂവായിരം യുവാക്കളെയാണ് ഡയലോഗിൽ പങ്കെടുക്കാൻ തിരഞ്ഞെടുത്തത്. ഇവർ തിരഞ്ഞെടുത്ത പത്ത് വിഷയങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിച്ച് തീമാറ്റിക് അവതരണങ്ങളിലും മത്സരങ്ങളിലും പങ്കെടുക്കും. വികസിത് ഭാരതിനായി യുവാക്കളെ ശാക്തീകരിക്കുക, കാർഷിക മേഖലയിലെ ഉൽപ്പാദനക്ഷമത വർധിപ്പിക്കുക, ഇന്ത്യയെ ലോകത്തിന്റെ സ്റ്റാർട്ടപ്പ് തലസ്ഥാനമാക്കുക, ഭാവിയിലേക്കു അടിസ്ഥാന സൗകര്യങ്ങൾ കെട്ടിപ്പടുക്കുക എന്നിവ ഇതിൽ ഉൾപ്പെടുന്നു.

✪✪✪

കേന്ദ്ര സഹമന്ത്രി ഡോ. എൽ. മുരുകൻ ഇന്ന് കൊല്ലം, തിരുവനന്തപുരം ജില്ലകളിൽ വിവിധ പരിപാടികളിൽ പങ്കെടുക്കും. കൊല്ലത്ത് രാവിലെ അമൃത ക്യാമ്പസിൽ നടക്കുന്ന നാഷണൽ ലെവൽ സയൻസ് ഫെസ്റ്റ് അദ്ദേഹം ഉദ്ഘാടനം ചെയ്യും. പിന്നീട് ആവണീശ്വരത്തെയും, ചാത്തന്നൂരിലെയും വിദ്യാലയങ്ങളിൽ നടപ്പാക്കുന്ന 'സുഗത സൂക്ഷ്മവനം' പദ്ധതിയുടെ ഉദ്ഘാടനച്ചടങ്ങിൽ പങ്കെടുത്ത് വൃക്ഷത്തൈകൾ നടും. ചടയമംഗലത്തെ ജടായു എർത്ത് സെന്ററും അദ്ദേഹം സന്ദർശിക്കും.

കവയിത്രി സുഗതകുമാരിയുടെ നവതി ആഘോഷങ്ങളുടെ ഭാഗമായി സംഘടിപ്പിക്കുന്ന സുഗത സൂക്ഷ്മവനം പദ്ധതിയുടെ ഉദ്ഘാടനം

പാരിപ്പള്ളി അമൃത ഹയർ സെക്കൻ്റെറി സ്കൂളിൽ വൈകിട്ട് ഡോ മുരുകൻ നിർവഹിക്കും.

✪✪✪

പൊതുമേഖലയിൽ സംസ്ഥാനത്തെ ആദ്യ സംയോജിത പ്ലാസ്റ്റിക് പാഴ് വസ്തു സംസ്കരണ ഫാക്ടറിയായ ഗ്രീൻ പാർക്ക് തിരുവല്ല കുന്നന്താനം കിൻഫ്ര പാർക്കിൽ ഇന്നു പ്രവർ ത്തനം ആരംഭിക്കും. വൈകിട്ട് മന്ത്രി എം.ബി.രാജേഷ് ഉദ്ഘാടനം ചെയ്യും.

ജില്ലാ പഞ്ചായത്തും തദ്ദേശ സ്ഥാപനങ്ങളും ക്ലീൻ കേരള കമ്പനിയും സംയുക്തമായാരംഭിച്ച പദ്ധതിയിൽ എട്ടു കോടി രൂപ ചെലവഴിച്ചാണ് നിർമ്മാണപ്രവർത്തനങ്ങൾ നടത്തിയത്. ഹരിത കർമ്മ സേന ശേഖരിക്കുന്ന പ്ലാസ്റ്റിക്ക് പാഴ് വസ്തുക്കൾ തദ്ദേശ സ്ഥാപനതലത്തിൽ തരംതിരിച്ച് പുനഃചക്രമണ യോഗ്യമായവ കുന്നന്താനം കിൻഫ്രാ പാർക്കിലെ സംയോജിത പ്ലാസ്റ്റിക്ക് പാഴ് വസ്തു സംസ്ക്കരണ കേന്ദ്രത്തിൽ എത്തിച്ച് ഗ്രാനുൾസ് ഉല്പാദിപ്പിക്കുന്നതാണ് പദ്ധതി.

✪✪✪

എട്ടാമത് ഇന്ത്യൻ വനിതാ ഫുട്ബാൾ ലീഗിന് ഇന്ന് കിക്കോഫ്.

ആദ്യ മത്സരത്തിൽ ഉച്ചകഴിഞ്ഞ് 2-30 ന് കൊൽക്കത്തയിൽ ഈസ്റ്റ് ബംഗാൾ, FC കർണാടകയെ നേരിടും.

രണ്ടാം മത്സരത്തിൽ വൈകിട്ട് മൂന്നരയ്ക്ക് കോഴിക്കോട് കോർപറേഷൻ സ്റ്റേഡിയത്തിൽ ഗോകുലം കേരള FC, നിലവിൽ ചാമ്പ്യൻമാരായ ഒഡിഷ FC യുമായി മത്സരിക്കും.

അവസാന സീസണിൽ ഒരു പോയിന്റ് വിത്യാസത്തിലായിരുന്നു ഗോകുലത്തിന് കിരീടം നഷ്ടമായത്. അത് തിരിച്ചുപിടിക്കുകയെന്ന ലക്ഷ്യത്തോടെയാണ് ഗോകുലം ഈ സീസണിൽ കളിക്കാനിറങ്ങുന്നത്.

എട്ട് ടീമുകളാണ് വനിതാ ലീഗ് ഫുട്ബോളിൽ മത്സരിക്കുന്നത്. എട്ട് വേദികളിലായി മൂന്ന് മാസത്തിലധികം നീണ്ടു നിൽക്കുന്ന ടൂർണമെന്റിൽ 56 മത്സരങ്ങളുണ്ടാകും. ഓരോ ടീമും ഹോം, എവേ മത്സരങ്ങളിൽ മറ്റു ടീമുകളുമായി രണ്ടു തവണ ഏറ്റുമുട്ടുന്ന ഡബിൾ റൗണ്ട് റോബിൻ ഫോർമാറ്റിലാണ് ഇത്തവണയും മത്സരങ്ങൾ സംഘടിപ്പിക്കുന്നത്.

✪✪✪

**I S L ഫുട്ബാളിൽ ചെന്നൈയിൻ FC - ഒഡീഷ FC പോരാട്ടം സമനിലയിൽ പിരിഞ്ഞു. ഇരുടീമുകളും രണ്ട് ഗോൾ വീതം നേടി.**

**ഒഡീഷ FC തിങ്കളാഴ്ച കേരള ബ്ലാസ്റ്റേഴ്സുമായും ചെന്നൈയിൻ FC ബുധനാഴ്ച്ച മുഹമ്മദൻ S C യുമായും ഏറ്റുമുട്ടും.**

✪✪✪

**ഇന്ത്യ അയർലൻഡ് ഏകദിന വനിതാ ക്രിക്കറ്റിന് ഇന്ന് തുടക്കം. മൂന്ന് മത്സര പരമ്പരയിലെ ആദ്യ മത്സരം ഗുജറാത്തിലെ രാജ്കോട്ടിൽ രാവിലെ 11 ന് ആരംഭിക്കും. സ്മൃതി മന്ദാനയുടെ നേതൃത്വത്തിലാണ് ഇന്ത്യൻ ടീം മത്സരിക്കാനിറങ്ങുന്നത്.**

✪✪✪

---

*News Editor : പി ചന്ദ്രബാബു*
*News Reader: ഹക്കീം കൂട്ടായി*
*Casual News Reader : നിമിഷ ജി*
*DEO : ഷീബ*